LIBRARY ARCHIVES Kerala Legislative Assembly

## വീടില്ലാത്തവർക്ക് വീട് നിർമ്മാണത്തിന് പദ്ധതി

276 (964) ശ്രീ. ഇ. കെ. വിജയൻ : താഴെ കാണുന്ന ചോദ്യത്തിന് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് സ്വന്തമായി വീടില്ലാത്തവർക്ക് വീട് നിർമ്മാണത്തിന് എന്തൊക്കെ പദ്ധതികളാണ് നടപ്പാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

ഭൂരഹിതരായ ബി.പി.എൽ. വിഭാഗത്തിലുള്ള 75,000 കുടുംബങ്ങൾക്കായി ബഹുനില അപ്പാർട്ട്മെന്റുകളും ഭൂമി സ്വന്തമായുള്ള ബി.പി.എൽ./താഴ്ന്ന വരുമാന വിഭാഗത്തിലുള്ള 75,000 കുടുംബങ്ങൾക്കായി പലിശ സബ്സിഡി നൽകുന്ന ഭവന വായ്പകളും തദ്ദേശ ഭരണ സ്ഥാപനങ്ങളിലെ ദരിദ്രരിൽ ദരിദ്രരായവർക്കായി ഒരു വാർഡിൽ ഒരു വീട് എന്ന പദ്ധതി പ്രകാരം 22,000 വീടുകളും അനുവദിക്കുന്ന 'എല്ലാവർക്കും വീട്' പദ്ധതി സംസ്ഥാനത്ത് നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നു. 'എല്ലാവർക്കും വീട്' പദ്ധതിയുടെ ഒന്നാംഘട്ടം സംസ്ഥാനത്ത് നടപ്പാക്കുന്നതിന് കേരള സംസ്ഥാന ഭവനനിർമ്മാണ ബോർഡിനെ ചുമതലപ്പെടുത്തുകയും ഇതിന്റെ ഭാഗമായി ഭൂമി സ്വന്തമായുള്ള ബി.പി.എൽ. വിഭാഗത്തിലുള്ളവർക്ക് 7000 വീടുകൾ നിർമ്മിച്ചുനൽകുവാൻ ഉദ്ദേശിക്കുന്നു. ഇതിനാവശ്യമായ റവന്യൂ സമാഹരണം 2015-16 ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടുള്ള പെട്രോൾ, ഡീസൽ എന്നിവയ്ക്ക് ചുമത്തിയിട്ടുള്ള ഒരു രൂപ അധിക വില്പന നികുതിയുടെ 50%-ൽ നിന്നുമായിരിക്കും. ഈ പദ്ധതിയിൽ ഉൾപ്പെടുത്തുന്ന വീടുകളുടെ യൂണിറ്റ് കോസ്റ്റ് 3.25 ലക്ഷം രൂപ സർക്കാർ സഹായവും, 35000 രൂപ കേന്ദ്രാവിഷ്കൃത പദ്ധതി സഹായവും ചേർത്ത് 3.60 ലക്ഷം രൂപയാണ്.

## ഹൗസിംഗ് ബോർഡിന്റെ ചങ്ങനാശ്ശേരിയിലെ സ്ഥലത്ത് പുതിയ നിർമ്മാണ പദ്ധതി

277(965) ശ്രീ. സി. എഫ്. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളാ സ്റ്റേറ്റ് ഹൗസിംഗ് ബോർഡിന് ചങ്ങനാശ്ശേരി റവന്യൂ ടവറിന് സമീപമുള്ള സ്ഥലത്ത് ഏതെങ്കിലും പുതിയ നിർമ്മാണ പദ്ധതിക്ക് തീരുമാനം എടുത്തിട്ടുണ്ടോ;

(ബി) എങ്കിൽ ഈ നിർമ്മാണ പദ്ധതി എന്നത്തേക്ക് തുടങ്ങുമെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത നിർമ്മാണ പദ്ധതിക്കുവേണ്ടി എന്തു തുകയാണ് വകയിരുത്തിയിരിക്കുന്നതെന്ന് വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്.

(ബി) ചങ്ങനാശ്ശേരി റവന്യൂ ടവറിന് സമീപത്ത് ഭവനനിർമ്മാണ ബോർഡിന്റെ ഉടമസ്ഥതയിലുള്ള 59.20 സെന്റ് സ്ഥലത്ത് 72 ഫ്ലാറ്റുകൾ ഉൾക്കൊള്ളുന്ന 14 നിലകളുള്ള ഒരു റസിഡൻഷ്യൽ അപ്പാർട്ട്മെന്റ്സ് കെട്ടിടം ഉപഭോക്താക്കളിൽ നിന്നും വിൽപ്പന വില നിർമ്മാണത്തിന്റെ വിവിധ ഘട്ടങ്ങളിൽ ശേഖരിച്ചുകൊണ്ട് പാരസ്പര്യം പദ്ധതിയായി നടപ്പിലാക്കാനുദ്ദേശിക്കുന്നു. പ്രസ്തുത പദ്ധതിക്ക് 29-2-2016-ലെ G.O.(Ms)No. 17/2016/Hsg. നമ്പർ ഉത്തരവ് പ്രകാരം അംഗീകാരം നൽകിയിട്ടുണ്ട്. മതിയായ ഉപഭോക്താക്കളെ ഉറപ്പാക്കിയതിനുശേഷം ബോർഡ് ടി പദ്ധതി നടപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

(സി) ഉപഭോക്താക്കളിൽ നിന്നും ഫ്ലാറ്റുകളുടെ വിൽപ്പന വില നിർമ്മാണ കാലഘട്ടത്തിൽ തന്നെ ശേഖരിച്ചുകൊണ്ട് പാരസ്പര്യം പദ്ധതിയായിട്ടാണ് ടി പദ്ധതി നടപ്പിലാക്കാനുദ്ദേശിക്കുന്നത്. ആയതിനാൽ ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടില്ല.

**ഭവനനിർമ്മാണ ധനസഹായം ഏകീകരിക്കാൻ നടപടി**

278(966) ശ്രീമതി വീണാ ജോർജ്ജ് : താഴെ കാണുന്ന ചോദ്യത്തിന് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

നിലവിലുള്ള വിവിധ ഭവന നിർമ്മാണ പദ്ധതികളിൽ പല സ്കീമുകളിലായി ഒരേ വിഭാഗത്തിൽപ്പെട്ടവർക്ക് സഹായമായി പല തുകയാണ് ലഭിക്കുന്നുവെന്നതിനാൽ ആയത് ഏകീകരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോയെന്ന് വിശദമാക്കുമോ?

ഉത്തരം

ഭവനനിർമ്മാണ വകുപ്പ് കേരള സംസ്ഥാന ഭവനനിർമ്മാണ ബോർഡ് മുഖേന നടപ്പിലാക്കുന്ന ഭവനനിർമ്മാണ പദ്ധതികളായ ഗൃഹശ്രീ, സാഫല്യം എന്നീ പദ്ധതികളിൽ ഭവനരഹിതർക്ക് സർക്കാർ സബ്സിഡിയായി 2 ലക്ഷം രൂപയാണ് നൽകി വരുന്നത്.

**ഭവനനിർമ്മാണ പദ്ധതികൾ**

279(967) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭവനനിർമ്മാണവുമായി ബന്ധപ്പെട്ട് ഏതൊക്കെ പദ്ധതികളാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) പുതിയ ഭവനനിർമ്മാണ പദ്ധതികൾ പരിഗണനയിലുണ്ടോയെന്ന് വ്യക്തമാക്കുമോ?